**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1692** **15-03-2022 - ൽ മറുപടിയ്ക്ക്**

**കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിലെ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ നൂറുദിന പരിപാടികളുടെ ഭാഗമായി കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിൽ എന്തെല്ലാം അടിസ്ഥാനസൗകര്യ വികസന പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിൽ നടന്നുവരുന്ന മലയാള ഭാഷാ വിഭാഗത്തിനായുള്ള പുതിയ കെട്ടിട നിർമ്മാണം, ഇൻഡോർ സ്റ്റേഡിയം, ബാസ്കറ്റ് ബോൾ കോർട്ട്, രസതന്ത്ര വിഭാഗത്തിലെ ലബോറട്ടറി എന്നിവയുടെ നവീകരണം, കായികതാരങ്ങൾക്ക് പരിശീലന ഉപകരണങ്ങൾ, കോളേജിന്റെ ജിംനേഷ്യത്തിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ എന്നീ പദ്ധതികൾ സർക്കാരിന്റെ നൂറുദിന പരിപാടികളിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതികൾക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (ബി) | അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിൽ ആകെ 2 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ മലയാള ഭാഷാ വിഭാഗത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഒരു കോടി രൂപയും; കോളേജിലെ ഇൻഡോർ സ്റ്റേഡിയം, ബാസ്കറ്റ് ബോൾ കോർട്ട്, രസതന്ത്ര വിഭാഗത്തിലെ ലബോറട്ടറി എന്നിവ പുതുക്കിപണിയുന്നതിലേക്കായി 50 ലക്ഷം രൂപയും; കായികതാരങ്ങൾക്ക് പരിശീലന ഉപകരണങ്ങൾ, കോളേജിന്റെ ജിംനേഷ്യത്തിലേക്ക് ആവശ്യമായ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിലേക്കായി 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ